(ഡി) കൃഷി, അനുബന്ധ മേഖലകൾ, വ്യവസായം, ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, ഗ്രാമ-നഗര വികസനം, വിവര സാങ്കേതിക വിദ്യ, വിനോദസഞ്ചാരം, ജലവിഭവം, ശാസ്ത്ര-സാങ്കേതികം, ഊർജം, തൊഴിലവസര സൃഷ്ടി, പ്രവാസികളും കുടിയേറ്റവും, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വികസനം തുടങ്ങിയ മേഖലകൾക്ക് മുൻതൂക്കം നൽകിയിട്ടുണ്ട്.

RIDF പദ്ധതി

50 (3334) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) RIDF പദ്ധതിയുടെ എത്രാമത്തെ ഘട്ടമാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും RIDF പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) RIDF ൽ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾക്കായി സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം നിശ്ചയിച്ചിട്ടുണ്ടോ ; എത്ര ശതമാനമാണെന്ന് അറിയിക്കുമോ ;

(ഡി) RIDF-ൽനിന്നും വിവിധ പ്രവൃത്തികൾക്കായി തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമവും വിശദമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് RIDF ഫണ്ട് വിനിയോഗിച്ചതെന്നും ; അവയ്ക്ക് അനുവദിച്ച തുകയും അറിയിക്കുമോ ;

(എഫ്) വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് പുതുതായി RIDF പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ടാബ്ലെ XX

(ബി) കേന്ദ്ര സർക്കാരിൽനിന്നും ആർ.ഐ.ഡി.എഫ്. പദ്ധതിക്കായി തുക ലഭിച്ചിട്ടില്ല. നബാർഡ് വായ്പയായിട്ടാണ് തുക അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

പ്രവൃത്തികൾ	-	20%
കെട്ടിട നിർമ്മാണം	-	13%
ജലസേചന പ്രവൃത്തികൾ/ അറവുശാല/ബയോഗ്യാസ്	-	5%

(ഡി) നബാർഡ് പ്രവൃത്തികൾ സംസ്ഥാന അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. (State Level Empowered Committee) പ്രവൃത്തിക്കുന്നു. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടുമെന്റ്. നബാർഡ് സഹായം ലഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കുന്ന പദ്ധതിക്കുള്ള അർഹമായ വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് വാങ്ങി നബാർഡിന്റെ അനുമതിക്ക് അയയ്ക്കുകയും, അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇത്തരം പ്രോജക്ടുകൾക്ക് നിർവ്വഹണത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശത്തോടുകൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ പ്രവൃത്തികൾക്കൊന്നും ഭരണാനുമതി ലഭിച്ചിട്ടില്ല.

(എഫ്) 1. വാമനപുരം ബ്ലോക്ക് പഞ്ചായത്തിലെ അഗ്രികൾച്ചറൽ മാർക്കറ്റിംഗ് കോംപ്ലക്സ് നിർമ്മാണം.

2. കുറിഞ്ഞിലക്കാട് ചെമ്പൻകോട് റോഡ് (കല്ലറ ഗ്രാമ പഞ്ചായത്ത്)

LIBRARY ARCHIVES Kerala Legislative Assembly